പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 24

28/05/2019 ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിലെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ വന്ന ശേഷം നാളിതുവരെ സെക്രട്ടേറിയറ്റിലെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി എന്ത് തുക ചെലവഴിച്ചുവെന്ന് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കുമോ; | എ) സെക്രട്ടേറിയറ്റ് അനക്സ് 2 കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നതിനു മുമ്പാണ് അവിടേക്ക് ചില ഓഫീസുകൾ മാറ്റിയിരുന്നത്. ആയതിനാൽ ആ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച ശേഷവും ഓഫീസുകളുടെ ഉപയോഗത്തിനുതകുംവിധം ഇന്റീരിയൽ ആയ മാറ്റങ്ങൾ ആവശ്യമായിരുന്നു. അതോടൊപ്പം പ്രധാന കെട്ടിടം ദേശീയ സംരക്ഷിത നിർമ്മിതികളുടെ പരിധിയിലുള്ളതാകയാൽ ആ മാനദണ്ഡപ്രകാരമുള്ള റിപ്പയറുകളും നവീകരണവും ആവശ്യമായ മാനദണ്ഡങ്ങൾ പാലിച്ചാണ് നിർവ്വഹിച്ചുവരുന്നതി. ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഏതൊക്കെ ഇനങ്ങളിലാണ് ഈ തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) സെക്രട്ടേറിയറ്റ് മെയിൻ കെട്ടിടം, അനക്സ് -1, അനക്സ്-2 എന്നിവിടങ്ങളിലെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ അറ്റകുറ്റപ്പണികൾ, പുതിയ എയർ കണ്ടീഷണറുകൾ, പ്ലഗ്ഗ് പോയിൻറുകൾ, സ്വിച്ചുകൾ, LED ലൈറ്റുകൾ, ഫാനുകൾ, എക്സോസ്റ്റ് ഫാനുകൾ മുതലായവ സ്ഥാപിക്കൽ, നാല് ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയത് സ്ഥാപിക്കൽ, പുതിയ UPS സിസ്റ്റവും ബാറ്ററികളും സ്ഥാപിക്കൽ, സെക്രട്ടേറിയറ്റ് മെയിൻ കെട്ടിടം, അനക്സ് -1, അനക്സ്-2 എന്നിവ ബന്ധിപ്പിച്ച് ടെലഫോൺ കേബിൾ, ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ, മീഡിയ റൂമിലും വിവിധ കോൺഫറൻസ് ഹാളുകളിലും മൈക്കുകളും സ്പീക്കറുകളും പ്രൊജക്ടറുകളും സ്ഥാപിക്കൽ, പുതിയ CCTV ക്യാമറകളും ഡിസ്പ്ലേകളും സ്ഥാപിക്കൽ എന്നീ പ്രവർത്തികൾക്കാണ് തുക ചെലവഴിച്ചത്. |

| | |
|---|---|
| (സി) പുതിയതായി എന്തെങ്കിലും നവീകരണ പ്രവർത്തനങ്ങൾ സെക്രട്ടേറിയറ്റിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണെന്നും അതിനായി എന്ത് തുക ചെലവാകുമെന്നും വിശദമാക്കുമോ? | സി) അനുബന്ധം 2- ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

**സിവിൽ പ്രവർത്തികൾക്കായി സാമ്പത്തികവർഷം ചെലവായ തുക**

| | | |
|---|---|---|
| 2017-2018 | – | 24,74,669/- |
| 2018- 2019 | – | 1,41,80,265/- |
| 2019-2020 | – | 14,10,808/- |

**ഇലക്ട്രോണിക്സ് പ്രവർത്തികൾക്കായി സാമ്പത്തികവർഷം ചെലവായ തുക**

| | | |
|---|---|---|
| 2016-2017 | – | 2,90,25,638/- |
| 2017-2018 | – | 1,48,22,016/- |
| 2018- 2019 | – | 4,54,598/- |
| 2019-2020 | – | 3,83,468/- |

**ഇലക്ട്രിക്കൽ പ്രവർത്തികൾക്കായി സാമ്പത്തികവർഷം ചെലവായ തുക**

| | | |
|---|---|---|
| 2016-2017 | – | 1,27,05,169/- |
| 2017-2018 | – | 43,80,844/- |
| 2018- 2019 | – | 61,89,946/- |
| 2019-2020 | – | 5,08,804/- |

## അനുബന്ധം - 2

| ക്രമ നമ്പർ | നിർമ്മാണ പ്രവർത്തനങ്ങൾ | തുക |
|---|---|---|
| 1 | സെക്രട്ടേറിയറ്റ് അനക്സ്-2 ഏഴാം നിലയിലെ നവീകരണ പ്രവർത്തനങ്ങൾ | 36,01,000/- |
| 2 | ചീഫ് സെക്രട്ടറിയുടെ ഓഫീസും ഇടനാഴിയും നവീകരണം | 54,09,000/- |
| 3 | വടക്കേകെട്ടിടം മൂന്നാം നിലയിലെ പ്രവർത്തികൾ | 8,48,000/- |
| 4 | അനക്സ് 1 കെട്ടിടത്തിലെ മേൽക്കൂരയുടെ ചോർച്ച പരിഹരിക്കുന്ന പ്രവർത്തനങ്ങൾ | 17,82,000/- |
| 5 | ധനകാര്യ വകുപ്പിലെ നവീകരണ പ്രവർത്തികൾ (സിവിൽ, ഇലക്ട്രിക്കൽ, ഫർണിച്ചർ | 31,50,000/- |
| 6 | പ്രധാന കെട്ടിടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് | 30,81,000/- |
| 7 | രണ്ടാം നിലയിലെ ശുചിമുറി പൊളിച്ചുമാറ്റി പുതിയ ശുചിമുറി നിർമ്മിക്കുന്നതിന് | 6,73,000/- |
| 9 | മൂന്നാം നിലയിലെ ശുചിമുറി പൊളിച്ചുമാറ്റി പുതിയ ശുചിമുറി നിർമ്മിക്കുന്നതിന് | 7,84,000/- |
| 10 | സെക്രട്ടേറിയറ്റിൽ വിവിധ ഓഫീസുകളിൽ പുതിയതായി എയർ കണ്ടീഷണറുകൾ സ്ഥാപിക്കാനും, വൈദ്യുത നവീകരണ പ്രവർത്തികൾ ചെയ്യുവാനും സെക്രട്ടറിയേറ്റ് സബ് ട്രഷറിയിൽ ടോക്കൺ മെഷീൻ സ്ഥാപിക്കുന്നതിന് | 18,20,770/- |